പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നംപർ. 424 27/9/2011 ൽ മറുപടിയ്ക്ക്

സാമൂഹ്യക്ഷേമ പെൻഷനുകളും അവയുടെ വിതരണവും

ചോദ്യം ഉത്തരം

ശ്രീ. കെ.കെ.ജയചന്ദ്രൻ : ഡോ. എം.കെ. മുനീർ
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി:

(എ) വാർദ്ധക്യ കാല പെ ൻഷ ൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;	(എ) 65 വയസ്സ് പൂർത്തിയായ BPL കുടുംബത്തിലുള്ളവർക്കാണ് വാർദ്ധക്യ കാലപെൻഷന് ഇപ്പോൾ അർഹതയുള്ളത്. ഇപ്പോൾ കേന്ദ്രഗവൺമെന്റ് വാർദ്ധക്യ പെൻഷനുള്ള പ്രായപരിധി 60 വയസ്സായി കുറച്ചിട്ടുണ്ട്
(ബി) ബി.പി.എ ൽ. കുടുംബാംഗമല്ലാത്ത നിർധനരായ വൃദ്ധജനങ്ങൾക്കു കൂടി വാർദ്ധക്യകാല പെൻഷൻ ലഭിക്കത്തക്ക രീതിയിൽ, മാനദണ്ഡങ്ങളിൽ ഇളവ് വരുത്തുന്ന കാര്യം പരിഗണിക്കുമോ;	(ബി). കേന്ദ്രസർക്കാർ മാനദണ്ഡ പ്രകാര മാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്
(സി) നിലവിൽ സംസ്ഥാനത്ത് എത്ര പേര് വാർദ്ധക്യ കാല പെൻഷൻ വാങ്ങുന്നുണ്ട്;	(സി) നിലവിൽ 2,28,801 ഗുണഭോക്താക്കളുണ്ട്.
(ഡി) ഓണത്തിന് മുമ്പ് എല്ലാ ക്ഷേമ പെൻ ഷനുകളും ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിരുന്നോ എന്ന് വ്യക്തമാക്കുമോ;	(ഡി). വിതരണം ചെയ്തിരുന്നു
(ഇ)ഏതു കാലയളവുവരെയുള്ള ക്ഷേമപെൻഷനുകൾ വിതരണം നടത്തിയെന്ന് വ്യക്തമാക്കുമോ?	(ഇ). കാസറഗോഡ് , മലപ്പുറം ജില്ലകൾ ഒഴികെ മറ്റു ജില്ലകളിൽ 8/11 വരെയും കാസറഗോഡ്, മലപ്പുറം ജില്ലകളിൽ 6/11 വരെയും പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്.

R. Vijayan
സെക്ഷൻ ഓഫീസർ